# Malayala Manorama

# 14 August 2018

# Kochi: Anbodu Kochi, Flood Relief



## സഹായവുമായി അൻപോടു കൊച്ചി

കൊച്ചി • പ്രളയബാധിതരെ സഹായിക്കാനുള്ള ജില്ലാ ഭരണകൂടത്തിന്റെയും അൻപോടു കൊച്ചിയുടെയും പ്രവർത്തനങ്ങൾക്കു പിന്തുണയുമായി സിനിമാതാരങ്ങളും. പാർവതി, റിമാ കല്ലിങ്കൽ, രമ്യാ നമ്പീശൻ, ഇന്ദ്രജിത്, പൂർണിമ, സരയൂ എന്നിവരാണു ദുരിതമേഖലകളിൽ വിതരണം ചെയ്യാനുള്ള സാധനങ്ങൾ ഒരുക്കുന്ന കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ എത്തിയത്. നാളെ വരെ സഹായങ്ങൾ സ്വീകരിക്കും. കലക്ടർ മുഹമ്മദ് സഫിറുല്ല, സ്പെഷൽ ഓഫിസർ എം.ജി. രാജമാണിക്യം എന്നിവരുടെ നേതൃത്വത്തിലാണു പ്രവർത്തനങ്ങൾ. രാവിലെ ഒൻപതു മുതൽ രാത്രി ഒൻപതു മണി വരെയാണു സ്റ്റേഡിയത്തിലെ കൗണ്ടർ പ്രവർത്തിക്കുന്നത്. ഭക്ഷണ സാധനങ്ങളും പഴയതും ഉപയോഗിച്ചതുമായ വസ്ത്രങ്ങളും സാധനങ്ങളും സ്വീകരിക്കുന്നതല്ല.

## ആദിശങ്കര ട്രസ്റ്റ് 5 ലക്ഷം നൽകി

കാലടി • പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കു കൈത്താങ്ങായി കാലടി ആദിശങ്കര ട്രസ്റ്റ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അഞ്ചു ലക്ഷം രൂപ സംഭാവനയായി നൽകി. ആലുവ ഗെസ്റ്റ് ഹൗസിൽ മുഖ്യമന്ത്രി പിണറായി വിജയനെ നേരിൽ കണ്ടാണ് ആദിശങ്കര ട്രസ്റ്റ് മാനേജിങ് ട്രസ്റ്റി കെ. ആനന്ദ് അഞ്ചു ലക്ഷം രൂപയുടെ ചെക്ക് കൈമാറിയത്. ട്രസ്റ്റ് ചീഫ് ഓപ്പറേഷൻസ് ഓഫിസർ പ്രഫ. സി.പി. ജയശങ്കറും കൂടെയുണ്ടായിരുന്നു.